# Disengagement at Patrolling Point 17A

August 06, 2021

---

## പട്രോളിംഗ് പോയിന്റ് 17A യിലെ സൈനിക പിന്മാറ്റം

ഓഗസ്റ്റ് 06, 2021

1. ഈ ആഴ്ച ആദ്യം അറിയിച്ചതുപോലെ, ഇന്ത്യയുടെയും ചൈനയുടെയും കോർപ്സ് കമാൻഡർമാർ തമ്മിലുള്ള പന്ത്രണ്ടാം ഘട്ട ചർച്ചകൾ 2021 ജൂലൈ 31 ന് കിഴക്കൻ ലഡാക്കിലെ ചുഷുൽമോൾഡോ മീറ്റിംഗ് പോയിന്റിൽ നടന്നു.

2.ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ പടിഞ്ഞാറൻ മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ നിന്നുള്ള സൈനിക പിന്മാറ്റവുമായി ബന്ധപ്പെട്ട തീർപ്പാക്കാതെയുള്ള പ്രദേശങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനെക്കുറിച്ച് ഇരുപക്ഷവും തമ്മിൽ വ്യക്തവും ഗഹനവുമായ ചർച്ചകൾ നടത്തി. കൂടിക്കാഴ്ചയുടെ ഫലമായി, ഇരുവിഭാഗവും ഗോഗ്ര പ്രദേശത്തെ പിന്മാറ്റം അംഗീകരിച്ചു. കഴിഞ്ഞ വർഷം മേയ് മുതൽ ഈ പ്രദേശത്തു സൈന്യങ്ങൾ മുഖാമുഖം നിൽക്കുന്ന അവസ്ഥയിലാണ്.

3.കരാർ അനുസരിച്ച്, ഇരുവിഭാഗവും ഈ മേഖലയിൽ ഘട്ടം ഘട്ടമായി ഏകോപിതമായി സ്ഥിരീകരിച്ച നിലകളിൽ മുന്നോട്ടുള്ള വിന്യാസം നിർത്തി വച്ചു. 2021 ഓഗസ്റ്റ് 04, 05 എന്നീ രണ്ട് ദിവസങ്ങളിലായി പിന്മാറ്റ പ്രക്രിയകളും നടന്നു. ഇരുവശങ്ങളിലെയും സൈന്യം ഇപ്പോൾ അവരവരുടെ സ്ഥിരം താവളങ്ങളിലാണുള്ളത്.

4. ഈ പ്രദേശങ്ങളിൽ താൽക്കാലികമായി സൃഷ്ടിച്ചിട്ടുള്ള എല്ലാ ഘടനകളും മറ്റ് അനുബന്ധ നിർമ്മിതികളും പൊളിച്ചു നീക്കം ചെയ്യുകയും പരസ്പരം പരിശോധിച്ചു ഉറപ്പു വരുത്തുകയും ചെയ്തു. പ്രദേശത്തെ ഭൂപ്രകൃതി സ്റ്റാൻഡ് ഓഫിന് മുൻപുണ്ടായിരുന്ന സ്ഥിതിയിലേക്ക് ഇരുവിഭാഗവും പുനസ്ഥാപിച്ചു.

5. ഈ മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയെ ഇരുപക്ഷവും കർശനമായി നിരീക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്നും നിലവിലെ അവസ്ഥയിൽ ഏകപക്ഷീയമായ മാറ്റം വരുത്തുന്നതല്ലെന്നും ഈ കരാർ ഉറപ്പാക്കുന്നു.

6. ഇതോടെ സൈന്യങ്ങൾ മുഖാമുഖം നിൽക്കുന്നതിനു മറ്റൊരു സംവേദനാത്മകമായ പ്രദേശത്തെ പ്രശ്നങ്ങൾ കൂടി പരിഹരിക്കപ്പെട്ടു. ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകാനും പടിഞ്ഞാറൻ മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖ സംബന്ധിച്ച് അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ഉള്ള പ്രതിജ്ഞ ബദ്ധത ഇരുപക്ഷവും പ്രകടിപ്പിച്ചു

7. പടിഞ്ഞാറൻ പ്രവിശ്യയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ ITBPയോടൊപ്പം തന്നെ ഇന്ത്യൻ സൈന്യവും രാജ്യത്തിന്റെ പരമാധികാരം ഉറപ്പുവരുത്താനും സമാധാനം നിലനിർത്താനും പ്രതിജ്ഞാബദ്ധമാണ്.

ന്യൂ ഡൽഹി
ഓഗസ്റ്റ് 06, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.